**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 853** | **06-12-2022 - ൽ മറുപടിയ്ക്ക്**

**'വെങ്ങാന്നൂർ പെരുമ'**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സജി ചെറിയാൻ** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി)** | |
| (എ) | നമ്മുടെ നാടിന്റെ ഗതകാല സാംസ്കാരിക പ്രതാപവും മൂല്യങ്ങളും പൈതൃകവും തിരിച്ചു പിടിക്കുന്നതിനും സംരക്ഷിക്കുന്നതിനും നിലവിൽ സർക്കാർ നടപ്പാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദീകരിക്കുമോ; | (എ) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | വെങ്ങാന്നൂർ നിയോജകമണ്ഡലത്തിലെ 'വെങ്ങാന്നൂർ പെരുമ' എന്ന സാംസ്കാരിക സർഗ്ഗോത്സവത്തിന്റെ മാതൃകയിൽ സംസ്ഥാനത്താകെ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കുന്നത് പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ? | (ബി) | ഇത്തരത്തിൽ ഒരു സാംസ്കാരികോത്സവം സർക്കാർ ആലോചിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

നമ്മുടെ നാടിന്റെ ഗതകാല സാംസ്കാരിക പ്രതാപവും, മൂല്യങ്ങളും, പൈതൃകവും തിരിച്ച് പിടിക്കുന്നതിനും സംരക്ഷിക്കുന്നതിനും സാംസ്കാരിക വകുപ്പ് താഴെ പറയുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

## വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി

നാടൻ കലകളുടെ പ്രോത്സാഹനത്തിനായി സാംസ്കാരിക വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു. ക്ലാസ്സിക്കൽ, സമകാലീന, നാടോടി വിഭാഗങ്ങളിൽപ്പെട്ട കേരളത്തിന്റെ തനത് കലാരൂപങ്ങളിൽ കുട്ടികളിലും യുവാക്കളിലും ആഭിമുഖ്യമുണർത്തുക തുടങ്ങിയ ലക്ഷ്യത്തോടെ യുവകലാകാരന്മാരെ പ്രോത്സാഹിപ്പിക്കുകയും പ്രാദേശിക തലത്തിൽ കലാരൂപങ്ങൾ പരിപോഷിപ്പിക്കുക വഴി സാംസ്കാരിക ഉന്നമനം സാധ്യമാക്കുന്നതിനുമായി സാംസ്കാരിക വകുപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന  യുവകലാ കാരന്മാർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതിയിൽ തെയ്യം, തിറ, പൂരക്കളി, മറത്തുകളി, കണ്യാർകളി, നാടൻപാട്ട്, ചവിട്ടുനാടകം, മാർഗ്ഗംകളി, മുടിയേറ്റ്, പടയണി, മാപ്പിളകലകൾ, കോൽക്കളി, വിൽപ്പാട്ട്, തിരുവാതിരക്കളി, പാക്കനാർ തുള്ളൽ, വഞ്ചിപ്പാട്ട്, ഗദ്ദിക, തോൽപ്പാവക്കൂത്ത്, കാക്കാരശി നാടകം എന്നീ നാടൻ കലകളിൽ പരിശീലനം നൽകി വരുന്നു.

## ഗ്രാമീണകലാകേന്ദ്രം പദ്ധതി

സംസ്ഥാനത്തിന്റെ സമ്പന്നമായ കലാകരകൗശല പാരമ്പര്യത്തെ സംരക്ഷിക്കുക, തെരഞ്ഞെടുക്കപ്പെട്ട കരകൗശല പൈതൃക ഗ്രാമങ്ങളിലെ കലാകാരന്മാർക്ക് ഉപജീവന സുസ്ഥിരത ഉറപ്പാക്കുക, അവർക്കായി നൈപുണ്യ വികസനവും ഈടുറ്റ വിപണി ബന്ധങ്ങളും സ്ഥാപിക്കുക തുടങ്ങിയ ഉദ്ദേശത്തോടെ നടപ്പിലാക്കിവരുന്ന ഗ്രാമീണ കലാകേന്ദ്രം അഥവാ കലാകാരന്മാരുടെ ഉപജീവന പദ്ധതിയിൽ  കൂടുതൽ കലാകരകൗശല ഇനങ്ങൾ ഉൾപ്പെടുത്തി സാധ്യമായ എല്ലാ ഗ്രാമങ്ങളിലേക്കും പദ്ധതി വ്യാപിപ്പിക്കുവാനും നിർവ്വഹണ ഏജൻസിയായി വാസ്തുവിദ്യാ ഗുരുകുലത്തെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

## മഴമിഴി നവമാധ്യമ കലാപരിപാടി

ഗോത്രകലകൾ, നാടൻകലകൾ, അനുഷ്ഠാനകലകൾ, ക്രിസ്ത്യീയ കലാരൂപങ്ങൾ, മാപ്പിളകലാരൂപങ്ങൾ, ക്ഷേത്രകലകൾ, ശാസ്ത്രീയകലകൾ, ശാസ്ത്രീയ സംഗീതം, ഉപകരണ സംഗീതം, ചിത്രകല, ശില്പകല, ഫോട്ടോഗ്രാഫി, ഇതര ജനകീയ കലകളായ മാജിക്, സർക്കസ്സ്, സൈക്കിൾ യജ്ഞം എന്നിവയും ട്രാൻസ്ജെൻഡേർസ്, ഭിന്നശേഷിക്കാർ, അന്ധഗായക സംഘം, കാരുണ്യാലയങ്ങളിലെ കലാസംഘങ്ങൾ, ജയിൽ അന്തേവാസികളിൽ നിന്നുള്ള കലാസംഘങ്ങൾ എന്നിവരെ ഉൾപ്പെടുത്തിയും അതാത് കലാസംഘങ്ങളുടെ ഇടയിലേക്ക് ഇറങ്ങിച്ചെന്ന് തനിമയോടെ കലാവതരണങ്ങൾ ചിത്രീകരിക്കുകയും വരാനിരിക്കുന്ന തലമുറയ്ക്കുവേണ്ടി കേരളീയ കലാരൂപങ്ങൾ സാംസ്കാരിക വകുപ്പിൽ ശേഖരിച്ചു വയ്ക്കുകയും ചെയ്യുന്ന 'മഴമിഴി' – മൾട്ടി മീഡിയ മെഗാ സ്ട്രീമിങ് സർക്കാരിന്റെ സാംസ്കാരിക വിനിമയ കേന്ദ്രമായ ഭാരത് ഭവന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച് വരുന്നു.

## വാസ്തുവിദ്യാ ഗുരുകുലം

കേരളത്തിന്റെ സവിശേഷ ചുമർചിത്ര, ദാരു, ശിലാ ശിൽപ പാരമ്പര്യം, വാസ്തുവിദ്യാ പൈതൃകം, കലാകരകൗശല സമ്പന്നത തുടങ്ങിയ സാംസ്കാരിക പെരുമകളെ സംരക്ഷിച്ച് പരിപോഷിപ്പിക്കുക, കാലാവസ്ഥാനുസൃതവും പരിസ്ഥിതി സൗഹൃദവുമായ നിർമ്മാണ വിദ്യകളെ പ്രചരിപ്പിക്കുക തുടങ്ങി വിവിധ പദ്ധതികൾ സാംസ്കാരിക കാര്യ വകുപ്പിന് കീഴിൽ ആറന്മുളയിൽ പ്രവർത്തിക്കുന്ന വാസ്തു വിദ്യാ ഗുരുകുലം നടപ്പിലാക്കി വരുന്നു.

വാസ്തുവിദ്യാ, സുസ്ഥിര നിർമ്മാണ സാങ്കേതികവിദ്യാ കൺസൾട്ടൻസി, ചുമർചിത്ര രചനാ പദ്ധതികൾ, അക്കാദമിക് കോഴ്സുകളുടെ നടത്തിപ്പ്, പൈതൃക മന്ദിരങ്ങളുടെ ഡോക്യുമെന്റേഷൻ എന്നിവയാണ് വാസ്തുവിദ്യാഗുരുകുലത്തിന്റെ പ്രധാന പദ്ധതികൾ. കേരളത്തിന്റെ തനത് ചുമർ ചിത്രരചനാ സമ്പ്രദായത്തെ സംരക്ഷിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു. തിരുവനന്തപുരത്തും ആറന്മുളയിലും ചുമർചിത്ര ഗാലറികളും വാസ്തുശിൽപ മ്യൂസിയങ്ങളും സജ്ജീകരിച്ചിട്ടുണ്ട്.

അഖിലേന്ത്യ സാങ്കേതിക വിദ്യാഭ്യാസ കൗൺസിലിന്റെ (എഐസിടിഇ) ധനസഹായത്തോടെ പ്രകൃതി സൗഹൃദ കാർബൺ രഹിത നിർമ്മാണ വസ്തുക്കൾ എന്ന വിഷയത്തിൽ ഗവേഷണ പ്രവർത്തനവും വാസ്തുവിദ്യ ഗുരുകുലം ആരംഭിച്ചിട്ടുണ്ട്.

ജലാംശത്തെ അതിജീവിക്കുന്ന “റാംട് എർത്ത്” മൺനിർമ്മിതികളും കെട്ടിട നിർമ്മാണ/ പൊളിക്കൽ ഖരമാലിന്യങ്ങളുടെ ( Construction and Demolition Waste) പുനരുപയോഗവും സംബന്ധിച്ചുള്ള ഗവേഷണത്തിനാണ് കൗൺസിൽ ധനസഹായം നൽകുന്നത്.

വിഖ്യാതമായ ലോഹ കണ്ണാടി, പള്ളിയോട ചെറുമാതൃകകൾ എന്നിവയുടെ കേന്ദ്രം കൂടിയാണ് ആറന്മുള. പ്രകൃതിദത്ത നിറക്കൂട്ടുകൾ ഉപയോഗിച്ചുള്ള ചുമർ ചിത്രരചന, മൂല്യവർധിത അലങ്കാര മൺപാത്രങ്ങൾ തുടങ്ങിയ കരകൗശല ഇനങ്ങളുടെ ഉൽപാദനം എന്നിവ വാസ്തുവിദ്യാ ഗുരുകുലം ഏറ്റെടുത്ത് നിർവഹിച്ചു വരുന്നു. കേരളത്തിന്റെ പാരമ്പര്യ വാസ്തുവിദ്യാ വിഷയത്തിൽ മഹാത്മാഗാന്ധി സർവകലാശാലയുടെ അംഗീകാരത്തോടെയുള്ള പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ കോഴ്സ്, ചുമർചിത്ര രചനാ വിഷയത്തിൽ ദ്വിവർഷ ഡിപ്ലോമ കോഴ്സ് നടത്തുക തുടങ്ങിയ അക്കാദമിക പ്രവർത്തനങ്ങളും വാസ്തുവിദ്യാഗുരുകുലം നടത്തിവരുന്നു.

## മലയാളം മിഷൻ

ലോകത്തെമ്പാടുമുള്ള മലയാളികൾക്ക് മാതൃഭാഷാ പഠനത്തിന് അവസരമൊരുക്കുന്നതിനായി മലയാളം മിഷൻ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. വിദേശരാജ്യങ്ങളിൽ വർഷങ്ങളായി കുടിയേറിയിട്ടുള്ളതും അവിടെ ജനിച്ചു വളർന്നിട്ടുള്ളവരുമായ പ്രവാസി മലയാളികൾക്കായി അവരുടെ പ്രത്യേക സാഹചര്യങ്ങൾ വിശദമായ പഠനങ്ങൾക്ക് വിധേയമാക്കി തയാറാക്കിയ പാഠ്യപദ്ധതിയാണ് പഠനപ്രവർത്തനങ്ങൾക്കായി ലഭ്യമാക്കിയിട്ടുള്ളത്. പത്ത് വർഷം കൊണ്ട് പൂർത്തിയാകുന്ന നാല് കോഴ്സുകളാണുള്ളത്. നാല് കോഴ്സുകളും പൂർത്തിയാകുന്നതോടെ മലയാളത്തിൽ കേരളത്തിലെ പത്താം തരം തുല്യതയ്ക്ക് യോഗ്യത നേടുന്ന വിധമാണ് പാഠ്യപദ്ധതി തയാറാക്കിയിട്ടുള്ളത്. പ്രവാസി മലയാളികളിലേക്കിറങ്ങിച്ചെന്ന് അവരിൽ ഭാഷാസ്നേഹവും കേരള സംസ്കാരത്തിലുള്ള അഭിമാനവും ഉണർത്തുന്നതിന് മലയാളം മിഷൻ പ്രവർത്തനം നടത്തി വരുന്നു. ഭാഷയുടെ അടിസ്ഥാനത്തിൽ കൂട്ടായ്മകൾ രൂപപ്പെട്ടു വരുവാനും മലയാളം പഠിക്കുവാനും കേരളത്തെ കൂടുതൽ അറിയുവാനും തങ്ങളുടെ പുതുതലമുറയെ അതിലേക്ക് കൊണ്ടുവരുവാനും മലയാളം മിഷൻ പ്രവർത്തിക്കുന്നുണ്ട്.

ഫോക് ലോർ അക്കാദമിയുടെ നേതൃത്വത്തിൽ കേരളത്തിലെ എല്ലാ ജില്ലയിലും ഗ്രാമസന്ധ്യ എന്ന പേരിൽ സെമിനാറുകളും നാടൻ കലാ അവതരണങ്ങളും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കേരള ഫോക് ലോർ അക്കാദമി സംഘടിപ്പിക്കുന്ന വലിയ കലോത്സവങ്ങളിൽ മറ്റ് ജില്ലകളിൽ നിന്നുള്ള കലാകാരന്മാർക്കും അവസരം നൽകാറുണ്ട്. തെക്കൻ ജില്ലകളിലെ കലാരൂപമായ മുടിയേറ്റ്, പടയണി, ചവിട്ടുനാടകം തുടങ്ങിയ കലകൾക്ക് ഉത്തര കേരളത്തിൽ മതിയായ അവസരം നൽകാറുണ്ട്. അത് പോലെ വടക്കൻ കലകളായ ചിമ്മാനക്കളി, മംഗലംകളി, പൂരക്കളി തുടങ്ങിയ കലകൾക്ക് തെക്കൻ ജില്ലകളിലും അവസരങ്ങൾ നൽകാറുണ്ട്. മറ്റ് സാംസ്കാരിക സ്ഥാപനങ്ങളായ വൈലോപ്പിള്ളി സംസ്കൃതി ഭവൻ, മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി തുടങ്ങിയവർ നാടൻ കലാപരിപാടികൾ അവതരിപ്പിക്കാൻ അവസരം നൽകുന്നുണ്ട്.